# 7

# പത്രോസ് സ്നാനം ഉപദേശിച്ചു

*"പത്രോസ് അവരോട്, നിങ്ങൾ 'മാനസാന്തരപ്പെട്ടു, നിങ്ങളു ടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും' " (പ്രവൃത്തി 2:38).*

പത്രോസിനെ അവന്റെ സഹോദരനാണ്, യേശുവിന്റെ അടു ക്കൽ കൊണ്ടുവന്നത് (യോഹന്നാൻ 1:40, 41). ഒരുക്ക സ്നാനമായിരുന്ന പാപ ങ്ങളുടെ മോചനത്തിനായുള്ള മാനസാന്തരസ്നാനം അവൻ ഏറ്റിരു ന്നു (യോഹന്നാൻ 1:35), അവൻ യോഹന്നാനിൽ നിന്ന് യേശുവിനെ ക്കുറിച്ച് പഠിച്ചതുകൊണ്ട് പത്രോസിന് യേശുവിന്റെ അടുക്കൽ കൊണ്ടു വരുവാൻ അവന് ആകാംക്ഷയുണ്ടായിരുന്നു (യോഹന്നാൻ 1:35–42); ഒരുപക്ഷേ, യോഹന്നാന്റെ സന്ദേശവും പത്രോസിനോട് കൂടെ കേട്ടി രിക്കാം. പത്രോസ്, പിന്നീട്, പാപങ്ങളുടെ മോചനത്തിനായുള്ള മാന സാന്തരസ്നാനവും അറിഞ്ഞിരിക്കാം. യോഹന്നാൻ പ്രസംഗിച്ച സ്നാനം അവൻ ഏറ്റിരിക്കാം (ലൂക്കോസ് 3:3). സ്നാനത്തിലൂടെ യേശു വിനെ അനുഗമിച്ചവർ ശിഷ്യന്മാരായി തീർന്നു (യോഹന്നാൻ 4:1). പത്രോസ് യേശുവിന്റെ ശിഷ്യനായശേഷം സ്നാനപ്പെട്ടിരിക്കാനാണ് സാദ്ധ്യത (ലൂക്കോസ് 6:13, 14).

### പത്രോസ് സ്നാനം ഉപദേശിച്ചു

യേശുവിന്റെ ശിഷ്യന്മാരിലും അപ്പൊസ്തലന്മാരിലും പത്രോസ് പ്രമുഖനായിരുന്നു, അപ്പൊസ്തലന്മാരുടെ പട്ടികയിൽ അവന്റെ പേർ ആദ്യമായി പ്രത്യക്ഷപ്പെടുന്നത് പ്രാധാന്യമേറുന്നു (മത്തായി 10:2; മർക്കൊസ് 3:16; ലൂക്കോസ് 6:14; പ്രവൃത്തി 1:13). യേശുവിന്റെ ഉയിർപ്പിനും ആരോഹണത്തിനും ശേഷം, ഉടനെ യേശുവിന്റെ ശിഷ്യ ന്മാരുടെ നായകത്വം (പ്രവൃത്തി 1:15; 2:14, 37) അവൻ ഏറ്റെടുത്തു

എങ്കിലും അവന് മറ്റുള്ള അപ്പൊസ്തലന്മാരേക്കാൾ കൂടുതൽ അധികാരം ഇല്ലായിരുന്നു. ഇതിന്റെ അർത്ഥം സഭയുടെ പ്രാരംഭനാളുകളിൽ യേശു അവന് നായകത്വം കൊടുത്തു എന്നു മാത്രം. യേശു പറഞ്ഞു അവനും മറ്റ് അപ്പൊസ്തലന്മാരും ''ഭൂമിയിൽ കെട്ടുന്നത്'' ''സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും'' ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും (മത്തായി 16:19; 18:18). ഈ വാക്യങ്ങളിൽ എൻഎഎസ്ബി വിശ്വസ്തമായി ഉപയോഗിച്ചിരിക്കുന്നത് ഗ്രീക്കിലെ പൂർണ്ണഭൂതകാല ക്രിയയാണ്, ഇത് സൂചിപ്പിക്കുന്നത് അപ്പൊസ്തലന്മാർ സ്വയമായി കെട്ടുകയോ അഴിക്കുകയോ ചെയ്*തില്ല* എന്നാൽ സ്വർഗ്ഗത്തിൽ കെട്ടുകയും അഴിക്കുകയും ചെയ്തിരുന്നതാണ് അവർ ചെയ്തത്.

യേശു തന്റെ മരണം, അടക്കം, ഉയിർപ്പ്, എന്നിവയ്ക്ക്ശേഷം അപ്പോസ്തലന്മാരെ ഭൂമിയിലെങ്ങും സുവിശേഷം പ്രസംഗിപ്പാൻ അയച്ചു, സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും തനിക്ക് ലഭിച്ചിരിക്കുന്നു എന്ന് യേശു പറഞ്ഞപ്പോൾ അവിടെ സന്നിഹിതനായിരുന്ന പത്രോസും കേട്ടു,

> യേശു അടുത്തുചെന്ന് സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ (മത്തായി 28:18, 19).

> വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കോസ് 16:16).

> അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും, പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കോസ് 24:47).

പരിശുദ്ധാത്മാവിന്റെ വാഗ്ദാനത്തിനായി പത്രോസ് മറ്റ് അപ്പൊസ്തലന്മാരോടു കൂടെ, യെരുശലേമിൽ കാത്തിരുന്നു (ലൂക്കോസ് 24:49; പ്രവൃത്തി 1:4–8), യേശു പഠിപ്പിച്ചതെല്ലാം അവൻ അവരെ ഓർമ്മിപ്പിക്കേണ്ടതിനും (യോഹന്നാൻ 14:26) സകലസത്യത്തിലും വഴിനടത്തേണ്ടതിന്നും ആയിരുന്നു (യോഹന്നാൻ 16:13). അവർ ആദ്യം യെരുശലേമിലും പിന്നെ ലോകത്തിന്റെ അറ്റത്തോളവും യേശുവിന്റെ സാക്ഷികൾ ആകേണ്ടിയിരുന്നു (പ്രവൃത്തി 1:8). ഇത്തരത്തിലുള്ള ഒരുക്കത്തോടു കൂടിയ പത്രോസിനും (മറ്റ് അപ്പൊസ്തലന്മാർക്കും) യേശുവിന്റെ ഉപദേശം മറ്റുള്ളവരോട് കൃത്യമായി അറിയിക്കാൻ കഴിഞ്ഞു.

### യെരുശലേമിൽ

ലോക ചരിത്രത്തിൽ ആദ്യമായി *ക്രിസ്തുവിന്റെ നാമത്തിൽ* പാപമോചനം പെന്തെകൊസ്തു നാളിൽ പത്രൊസ് പ്രസംഗിച്ചു (പ്രവൃത്തി 2:1), യെരുശലേമിൽ തുടങ്ങി (പ്രവൃത്തി 2:5), പാപമോചനം പ്രസംഗിച്ചു (ലൂക്കോസ് 24:47). പിന്നീട് സുവിശേഷം ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ പ്രസംഗിക്കപ്പെട്ടു (പ്രവൃത്തി 1:8). സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും തനിക്കു ലഭിച്ചിരിക്കുന്നു എന്ന യേശുക്രിസ്തുവിന്റെ പ്രസ്താവന പത്രൊസിനു മനസ്സിലായി (മത്തായി 28:18). അതിനർത്ഥം അവൻ ഉടനെ ആരോഹണം ചെയ്ത് ശക്തിക്കായി ദൈവത്തിന്റെ വലത്തു ഭാഗത്തേയ്ക്കു പോകുമെന്ന് (പ്രവൃത്തി 2:33; 1 പത്രൊസ് 3:22), അവിടെയാണ് തന്റെ പങ്കായ കർത്താവും ക്രിസ്തുവുമായി തീരുന്നത് (പ്രവൃത്തി 2:36). പത്രൊസ് തന്റെ ആദ്യ പ്രസംഗത്തിൽ ഇതും അവരുടെ മശിഹയെ ക്രൂശിൽ തറച്ച പാപത്തെയും ബോധ്യപ്പെടുത്തി (പ്രവൃത്തി 2:33-36). യേശു കർത്താവും ക്രിസ്തുവുമാണെന്ന് പറഞ്ഞു കൊണ്ടാണ് പത്രൊസ് തന്റെ പ്രസംഗം അവസാനിപ്പിച്ചത്.

ഈ പ്രഖ്യാപനം അവരുടെ ഹൃദയത്തിൽ, ആഴമായി പതിഞ്ഞതിന്റെ സൂചനയാണ് യേശു കർത്താവും ക്രിസ്തുമായി തീർന്നു എന്ന പ്രസ്താവന വിശ്വസിച്ചത്. *യേശു കർത്താവും മശിഹ*യുമാണെന്നു വിശ്വസിക്കുന്നതിന്റെ അർത്ഥം അവന്റെ രക്തത്താൽ അവന്റെ നാമത്തിൽ പാപമോചനവും ലഭിക്കുന്നതിന് അവനെ യജമാനനും രാജാവുമായി സ്വീകരിക്കുന്നതുമാകുന്നു (പ്രവൃത്തി 4:12; എബ്രായർ 10:19, 20; ലൂക്കോസ് 6:46).

### പുതിയ വഴി

പാപമോചനത്തിന്റെ ഈ പുതിയ വഴി പത്രൊസ് നൽ കിയത്: "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട്, യേശുക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽപ്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു കൊണ്ടാ ണ്" (പ്രവൃത്തി 2:38). എൻ.ഐ.വിയുടെ ആദ്യ എഡിഷൻ പറയുന്നത്, "നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട്, സ്നാനം ഏല്ക്കുന്നതു കൊണ്ട് നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടും, നിങ്ങൾക്ക് പരിശുദ്ധാത്മാവ് ദാനമായി ലഭിക്കുകയും ചെയ്യും."

### പാപങ്ങളുടെ മോചനം

ചിലർ പഠിപ്പിച്ചത് രക്ഷയുടെ മുമ്പ് സ്നാനം ആവശ്യമില്ലെ ന്നാണ്. വേറെ ചിലർ പറഞ്ഞത്. സ്നാനപ്പെടുമ്പോൾ പാപങ്ങളെ

മനസ്സിലാക്കേണ്ട ആവശ്യമില്ല എന്നാണ്. ആദ്യത്തെ കാഴ്ചപ്പാട് വിശ്വാസത്താൽ മാത്രം രക്ഷ എന്ന വേദശാസ്ത്ര നിലപാടിൽ നിന്നാണു വന്നത്. രണ്ടാമത്തേത് ഒരാൾ സ്നാനം ഏല്ക്കുമ്പോൾ അയാളുടെ പാപങ്ങൾ മോചിക്കപ്പെടും അങ്ങനെ അയാൾ ഒരു കല്പന ആയിട്ടല്ല വാഗ്ദാനമായിട്ടാണ് അനുസരിക്കേണ്ടത് എന്ന വേദശാസ്ത്ര നിലപാടിന്റെ അടിസ്ഥാനമായിട്ടാണ്.[1] ഈ കാരണത്താൽ, ഒരാൾ സ്നാനം ഏല്ക്കുമ്പോൾ അയാളുടെ പാപത്തെക്കുറിച്ച് മനസിലാക്കേണ്ട ആവശ്യമില്ലെന്നു പഠിപ്പിച്ചു.

ഒരാൾ വെള്ളത്താൽ ഈ രീതിയിൽ പാപങ്ങളെ കഴുകിക്കളയാൻ ശ്രമിച്ചാൽ, ഇതേ രീതിയിലാണ് ശരീരത്തിലെ അഴുക്കും കളയുന്നത്. അപ്പോൾ അയാൾ തന്റെ പാപങ്ങളെ നീക്കുവാൻ സ്നാനം എന്ന പ്രവൃത്തി അന്വേഷിക്കുന്നു – അത് പ്രവൃത്തി മനുഷ്യരെ രക്ഷിക്കയില്ലാ എന്ന ബൈബിൾ ഉപദേശമായിവരും (എഫെസ്യർ 2:8). മറി ച്ച്, ഒരാൾ യേശുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ പാപങ്ങളെ കഴുകിക്കളയുവാൻ,[2] സ്നാനത്തിന് കീഴ്പ്പെടുന്നു. അപ്പോൾ അവന്റെ സ്നാനം നീതിപ്രവൃത്തി ആകുന്നില്ല (തിത്തൊസ് 3:5), എന്നാൽ അത് ദൈവപ്രവൃത്തിയായ, മരിച്ചവരിൽ നിന്ന് യേശു ഉയിർത്തെഴുന്നേറ്റതിന്റെ പ്രതീകമാകുന്നു (കൊലോസ്യർ 2:12). ഈ കാഴ്ചപ്പാടിൽ സ്നാനം എന്നത് മനുഷ്യന്റെ പാപങ്ങളെ നീക്കുവാനുള്ള ഒരു പ്രവൃത്തിയല്ല, പിന്നെയോ തന്റെ പാപങ്ങൾ നീക്കുവാനുള്ള ശുദ്ധീകരണശക്തിയുള്ള യേശുവിന്റെ രക്തത്തോടുള്ള പ്രതികരണമാണ്.

### യേശുവിന്റെ നാമത്തിൽ പാപമോചനം

പത്രോസിന്റെ പ്രസംഗത്താൽ ആളുകളിൽ വിശ്വാസം വരികയും പ്രചോദിതരായി "ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്ന് ചോദിച്ചു, അവർ എന്തു ചെയ്യണമെന്ന് പത്രോസ് അവരോട് പറഞ്ഞു. അവർ വചനം കൈക്കൊണ്ടു (പ്രവൃത്തി 2:41). അർത്ഥം അവർ യേശുവിനെ മശിഹയായി സ്വീകരിക്കുമെന്നും, അവരുടെ ജീവിതം മാറ്റുമെന്നും അവർ പാപമോചനത്തിനായി സ്നാനം ഏല്ക്കും എന്നും ആണ്.

"മാനസാന്തരപ്പെട്ട്" എന്ന് പത്രോസ് പറഞ്ഞതിന്റെ അർത്ഥം അവരുടെ പാപപ്രശ്നങ്ങൾ തിരിച്ചറിയേണ്ടിയിരുന്നു എന്നാണ്, "പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനമേല്പ്പിൻ" എന്നതിന്റെ അർത്ഥം മാനസാന്തരപ്പെട്ട് സ്നാനപ്പെടുമ്പോൾ യേശുവിൽ നിന്ന് ശുദ്ധീകരണം വരുന്നു എന്ന് അവർ തിരിച്ചറിയേണ്ടിയിരുന്നു എന്നതാണ്. ആദ്യമായി പരിവർത്തനം ചെയ്യപ്പെട്ടവർ മാനസാന്തരപ്പെട്ട് സ്നാനമേറ്റതിൽ നിന്നും വ്യത്യസ്തമായി പുതിയനിയമത്തിൽ ഒന്നും പറഞ്ഞിട്ടില്ല. അവരോട് അന്ന് പ്രസംഗിച്ചതുതന്നെ ആണ്

പിന്നീടുള്ള കേൾവിക്കാരോടും പ്രസംഗിച്ചത് (ലൂക്കോസ് 24:47), അതിന്റെ അർത്ഥം പാപങ്ങളുടെ മോചനത്തിനുള്ള ആവശ്യങ്ങൾ എല്ലാം ഒന്നുതന്നെ ആയിരുന്നു എല്ലാ പ്രസംഗങ്ങളിലും.

മാനസാന്തരവും സ്നാനവും രണ്ടും "പാപങ്ങളുടെ മോചനത്തിനുവേണ്ടി ആയിരുന്നു." "മാനസാന്തരപ്പെടുവിൻ എന്നാൽ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കും, പാപങ്ങൾ ക്ഷമിച്ചി*രിക്കുകയാൽ* സ്നാനപ്പെടുവിൻ" എന്നല്ല പത്രോസ് പറഞ്ഞത്. "പാപങ്ങളുടെ മോചനം" എന്നതിന് "മാനസാന്തരവും" "സ്നാനവും" തുല്യമായി ബന്ധപ്പെട്ടിരിക്കുന്നു. സ്നാനത്തോടുകൂടിയുള്ള ഉദ്ദേശം തന്നെയാണ് മാനസാന്തരത്തിനും ഉള്ളത്. അവരുടെ പാപങ്ങൾ മോചിക്കപ്പെടുവാൻ മാനസാന്തരപ്പെടേണ്ടിയിരുന്നു എങ്കിലും അവർ സ്നാനവും ഏല്ക്കേണ്ടിയിരുന്നു. മറിച്ച് പാപങ്ങൾ മോചിച്ച് കിട്ടിയതുകൊണ്ടാണ് സ്നാനപ്പട്ടിരുന്നതെങ്കിൽ മാനസാന്തരപ്പെടേണ്ടതില്ലായിരുന്നു; "ഉം" എന്ന സംയോജനം തുല്യമായി "മാനസാന്തരത്തേയും," "സ്നാനത്തേയും" ഒരേ ഉദ്ദേശമായ "പാപങ്ങളുടെ മോചനത്തിലെത്തിക്കുന്നു."

*"അതുകൊണ്ട് നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടും"* എന്ന ന്യൂമാന്റേയും ലിഡയുടേയും എഴുത്തിലെ പദപ്രയോഗം (അക്ഷരികമായി "പാപങ്ങളുടെ മോചനത്തിലേക്ക്"). "രണ്ടു മുഖ്യ ക്രിയകളേയും പരിഷ്ക്കരിക്കുന്നു; *പാപങ്ങളിൽ നിന്ന് തിരിയുകയും സ്നാനം ഏല്ക്കുകയും ചെയ്യുക.*"[3]

"ഉള്ള" എന്ന പദപ്രയോഗം "പാപങ്ങളുടെ മോചനത്തിനായുള്ള" എന്നതിന്റെ ഗ്രീക്കുവാക്ക് *ഏയ്സ്,* അതിന്റെ പ്രാഥമികമായ അർ ത്ഥം *ലേക്ക്* എന്നാണ്. പണ്ഡിതന്മാരുടെ ഈ ഭാഗത്തിലെ ഏയ്സ് എ ന്നതിന്റെ അർത്ഥത്തിന് പിൻബലമാകുന്നു. "കാഴ്ച്ചയോട് കൂടി, അല്ലെങ്കിൽ ഫലമായി – അതായത്., അവസാനം അല്ലെങ്കിൽ പിന്നീട്."[4]

ഒയേക്കെ ഏയ്സ് എന്നത് (പ്രവൃത്തി 2:38) "Consecutive and final *eis.*" "പ്രിപ്പോസിഷൻ സൂചിപ്പിക്കുന്നത് ഒരു പ്രവൃത്തിയുടെ പ്രത്യേകമായ അവസാനത്തിലേക്കുള്ള ദിശയായിട്ടാണ്" പിന്നീട് അയാൾ പറഞ്ഞു, "*ഏയ്സ്* എന്നതിന്റെ അവസാനശക്തി വർദ്ധിച്ച് സ്വതന്ത്രക്രിയാവിശേഷമായി തീരുന്നു എന്നതിന്റെ നിർവ്വചനമായി തീരുന്നു" മറ്റുള്ള ഉദാഹരണങ്ങളോടുകൂടി അയാൾ പറയുന്നു, "യോഹന്നാൻ സ്നാനപ്പെടുത്തുകയും, യേശു പാപങ്ങളുടെ മോചനത്തിനായി രക്തം ചിന്തുകയും ചെയ്യുന്നു (മർക്കൊസ് 1:4; ലൂക്കോസ് 3:3; മത്തായി 26:28; പ്രവൃത്തി 2:38)."[5]

തേയർ സ്നാനത്തോടുകൂടി eis എന്നത് ബന്ധപ്പെടുത്തി താഴെ കൊടുത്ത തല വാചകത്തിൽ പറയുന്നത് "ഒരു കാര്യം എടുക്കുന്നതിന്റെ അവസാനം ലഭിക്കുന്നതിന് ഉള്ളതാണ്."[6] അദ്ദേഹത്തിന്റെ

ലക്സിക്കൺ പറയുന്നത് സ്നാനത്തെക്കുറിച്ചുള്ള ലേഖനത്തിലേക്ക് വായനക്കാരെ നയിക്കുന്നത്, പ്രവൃത്തി 2:38 തർജ്ജിമ ചെയ്തത്, "... പാപങ്ങളുടെ മോചനം ലഭിക്കുവാൻ."[7]

താഴെ കാണുന്ന തലവാചകത്തോടുകൂടി പ്രവൃത്തികൾ 2:38-ലെ *eis* എന്നത് Bauer, Gingrich, Danker ഉം എഴുതി "ലക്ഷ്യം വിവരിക്കുവാൻ" എന്നും "വേണ്ടി എന്ന ഉദ്ദേശം" സൂചിപ്പിക്കുവാനും എന്ന്. അവർ പിന്നീട് ഈ പദപ്രയോഗം മറ്റു ഭാഗങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്, *"പാപങ്ങളുടെ മോചനത്തിനായിങ്ങനെ പാപം മോചിക്കപ്പെട്ടു* മത്തായി 26:28; മർക്കൊസ് 1:4; ലൂക്കൊസ് 3:3; പ്രവൃത്തി 2:38."[8]

"പാപങ്ങളുടെ മോചനത്തിനായി" എന്ന മത്തായി 26:28ലെ പദ പ്രയോഗം സ്നാനവുമായി ബന്ധപ്പെട്ടതാണ് (മർക്കൊസ് 1:4; ലൂക്കൊസ് 3:3; പ്രവൃത്തി 2:38). യേശു മരിച്ചത് നമുക്ക് പാപങ്ങളുടെ മോചനം ലഭിക്കുവാൻ "ആയി" (*eis*)*, ട്ടാണെങ്കിൽ നാം സ്നാനം ഏല്ക്കേണ്ടത്,* പാപങ്ങളുടെ മോചനം, ലഭിക്കുവാൻ *''ആയി''* ട്ടാണ് (*eis*), പാപമോചനം *ലഭിക്കുവാൻ,* അവൻ നമ്മുക്കു വേണ്ടി, "പാപങ്ങളുടെ മോചനം" എന്ന പദപ്രയോഗം നല്കിയത് ഈ വേദഭാഗങ്ങളിലെ അതേ ഗ്രീക്ക് വാക്കുകളും ഉൾപ്പെടുന്നു. എങ്കിലും, *eis* എന്ന പദപ്രയോഗ ത്തിന്റെ അർത്ഥം യേശു രക്തം ചിന്തിയതുകൊണ്ട് പാപങ്ങൾ മോചി ക്കപ്പെട്ടതുകൊണ്ടു *കാരണം,* നാം സ്നാനമേല്ക്കേണ്ടിയിരുന്നത്. ഈ വ്യാഖ്യാനം അവന്റെ മരണവും രക്തം ചിന്തലും അർത്ഥശൂന്യവും സ്നാനം വെറും ചടങ്ങും ആക്കി മാറ്റുന്നു. യേശു ഒരു കാരണത്തിനു വേണ്ടിയാണ് മരിച്ചത് എന്നിരിക്കെ *eis* എന്ന ഉപയോഗം ലക്ഷ്യവും ഉദ്ദേശവും പ്രകടമാക്കുന്നു.

യേശു ബോധപൂർവ്വം, അറിഞ്ഞുകൊണ്ട്, "പാപമോചനത്തിനു വേണ്ടി" മരിച്ചു. ഇംഗ്ലീഷിൽ (*eis*) എന്നതിന്റെ അർത്ഥം, ആയി എന്നതാണ്. താൻ രക്തം ചിന്തുന്നത് പാപമോചനത്തിനു "വേണ്ടി" (എയ്സ്) ആയിരുന്നു എന്നു അവനറിയാമായിരുന്നു; അതുകൊണ്ടു, നാം പാപങ്ങളുടെ മോചനത്തിന് ''ആയി'' (എയ്സ്), നാമും സ്നാനമേല്ക്കുന്നതിന്റെ ഉദ്ദേശം മനസ്സിലാക്കുകയും അറിയുകയും വേണം. എയ്സ് എന്നതിന്റെ അർത്ഥം ഉദ്ദേശം അറിഞ്ഞുകൊണ്ടുള്ള യേശുവിന്റെ രക്തം ചിന്തലായിരുന്നു എങ്കിൽ, തുടർന്ന് നാം അറിഞ്ഞുകൊണ്ടുള്ള ഉദ്ദേശത്തിനു *വേണ്ടി* സ്നാനമേൽക്കണം. മത്തായി 26:28 ലെ *എയ്സ്* താൻ രക്തം ചിന്തുവാനിരിക്കുന്ന ഉദ്ദേശം അറിഞ്ഞുകൊണ്ട് ആയിരുന്നില്ലേ? അതേ പദപ്രയോഗം സ്നാനവുമായി ബന്ധപ്പെട്ട് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട്, നാമും ഉദ്ദേശം *അറിഞ്ഞ്* സ്നാനപ്പെടേണ്ടതല്ലേ?

പ്രവൃത്തി 2:5, 37, 38, ലെ യെഹൂദന്മാർ പത്രോസ് നല്കിയ

നിർദ്ദേശം കാരണം, സ്നാനത്തിന്റെ ഉദ്ദേശം അവർ മനസ്സിലാക്കിയിരുന്നു. പുതിയ നിയമത്തിൽ ആദ്യപരിവർത്തകർ തുടർന്നുള്ള തലമുറകൾക്കും എല്ലാ ദേശക്കാർക്കും ഒരു മാതൃക വെച്ചിരിക്കുന്നു. അവർ സ്നാനമേറ്റത് പാപങ്ങളുടെ മോചനത്തിനായിരുന്നു എന്ന് മനസ്സിലാക്കി കൊണ്ടായിരുന്നു, ആകയാൽ നാമും അതേ സത്യം പാപമോചനത്തിനാണെന്ന് മനസ്സിലാക്കണം. ഒരു പ്രവൃത്തി ഉദ്ദേശവും ലക്ഷ്യവും കൂടാതെ ചെയ്താൽ അത് അനുസരണക്കേടായ പരാജയമായി തന്നെ തീരുന്നു. സ്നാനമേൽക്കുന്ന ഒരാൾ താൻ സ്നാനമേൽക്കുന്നത് പാപങ്ങളുടെ മോചനം *ലഭിക്കുന്നതിനുവേണ്ടി* ആണെന്ന് അറിയണം.

"ഫോർ" എന്നതിന്റെ അർത്ഥം പാപമോചനം ലഭിക്കുന്നതിനുള്ള "കാഴ്ച്ചപ്പാടിലേക്ക്" എന്നതിനോട് ചിലർ യോജിക്കുന്നു, നാമത്തിലും സംഖ്യയിലും വിഷയത്തോട് അതിന്റെ ക്രിയകൾ യോജിക്കണമെന്ന് അവർ വാദിക്കുന്നു, ''മാനസാന്തരപ്പെടുക'' എന്നത് രണ്ടാം ബഹുവചനവ്യക്തിയും "സ്നാനമേല്ക്കുകയും" എന്നത് മൂന്നാം ഏകവചന വ്യക്തിയും, "മാനസാന്തരപ്പെട്ട്" "സ്നാനമേല്ക്കുക" എന്നത് യോജിച്ച് ''പാപങ്ങളുടെ മോചനത്തിനായി'' എന്നു മോടിപിടിപ്പിക്കുവാൻ സാധ്യമല്ല. ഇതിൽ നിന്നു അവർ തീർപ്പാക്കുന്നത് പാപങ്ങളുടെ മോചനം "സ്നാന" വുമായല്ല "മാനസാന്തര" വുമായി ആണ് ബന്ധപ്പെടേണ്ടത് എന്നത്രെ.

ഇത് ഗ്രീക്കിലെ വ്യാകരണമായ അപൂർണ്ണക്രിയയുടെ ലംഘനമാണെന്ന് തോന്നുമെങ്കിലും ഒരു രണ്ടാം വ്യക്തിയുടെ സന്ദേശം ബഹുവചനസൂചകമായി പറയുന്നതിനോട് സാധാരണ മൂന്നാം ഏകവചന പ്രയോഗം ഗ്രീക്കിലെ തെളിവ് തന്നെയാണ്. വിഷയത്തിലെ വസ്തുതകളും ക്രിയയും പരസ്പരം യോജിക്കാത്ത പ്രയോഗങ്ങൾ യോഹന്നാൻ 9:3; ലൂക്കൊസ് 8:30; മത്തായി 6:19; മർക്കൊസ് 4:41; 1 കൊരിന്ത്യർ 15:50; യാക്കോബ് 5:2, 3 ൽ കാണുന്നു. ഇത് ഗ്രീക്കു ഗ്രാമറിലെ ലംഘനമല്ല, മറിച്ച് സ്ഥിരീകരിക്കപ്പെട്ട പദപ്രയോഗങ്ങളാണ്.

സ്നാനവും പാപമോചനവും, ബന്ധിപ്പിക്കുന്നതിലെ ബന്ധം *ബല ഹീനമാക്കുന്നതിനു* പകരം പ്രവൃത്തി 2:38-ലെ ഘടിപ്പിക്കൽ സ്നാനത്തെ ഊന്നി പാപമോചനവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഇവിടെ ഉപയോഗിച്ച നാമങ്ങളും സർവ്വനാമങ്ങളും സൂചിപ്പിക്കുന്നത്.[9] പ്രാസംഗികൻ ഒരു കൂട്ടത്തെ അഭിസംബോധന ചെയ്യുകയാണെങ്കിലും ആ കൂട്ടത്തിലെ വ്യക്തികൾക്കുകൂടെ ബാധിക്കുന്ന വിധത്തിലാണ് അവതരിപ്പിച്ചത്:

> ... മൂന്നാം ഏകവചന പ്രയോഗം രണ്ടാം ബഹുവചന പ്രയോഗത്തെ അനുവദിക്കുന്നതാണ് ഒരു പ്രാസംഗികൻ ഒരു കൂട്ടം അംഗങ്ങളോട്

> വ്യക്തിപരമായി സംസാരിക്കുന്നത് പാപമോചനത്തിൽ നിന്നു സ്നാനത്തെ മാറ്റിനിർത്തുന്നതിനു പകരം, പത്രോസ് തന്റെ കേൾവിക്കാർ ഓരോരുത്തരും പാപങ്ങളുടെ മോചനത്തിനായി സ്നാനമേല്ക്കുന്നതിന്റെ ആവശ്യകത ഊന്നി പറയുകയാണ് ചെയ്യുന്നത്. പത്രോസ് പറഞ്ഞ പ്രാധാന്യമല്ലാത്ത വിധത്തിലുള്ള മറ്റു വിശദീകരണങ്ങൾ സ്ഥാപിത ഭാഷാശൈലിയോടു അനീതി പുലർത്തുന്നവയാണ്.[10]

ഈ ഉപയോഗത്തിന്റെ ഉദാഹരണങ്ങൾ പുറപ്പാട് 16:29; യോശുവ 6:10; 2 രാജാക്കന്മാർ 10:19 സെഖര്യാവ് 7:10 എന്നീ വാക്യങ്ങളിൽ കാണാം.

സ്നാനത്തെ പാപമോചനത്തിൽ നിന്നും മാറ്റുന്നതിനു പകരം പത്രൊസ് തന്റെ കേൾവിക്കാർ *ഓരോരുത്തരും* സ്നാനമേറ്റാൽ പാപങ്ങളുടെ മോചനം ലഭിക്കുമെന്നാണ് ഊന്നൽ കൊടുത്തു പറഞ്ഞത്. മറ്റു വിശദീകരണങ്ങൾ പത്രൊസ് തന്റെ കേൾവിക്കാർക്ക് കൊടുത്ത നിർദ്ദേശത്തിലെ പ്രാധാന്യം എടുത്തുകളയുന്നവയും ഗ്രീക്കു പ്രയോഗത്തിന്റെ സ്ഥിരീകരണത്തോട് അനീതി പുലർത്തുന്നവയുമാണ്.

കല്പന "പാപങ്ങളുടെ മോചനത്തി *നായി* സ്നാനമേല്പ്പിൻ" എന്നാണ്. കല്പന വെറുതെ "സ്നാനമേല്പിൻ" എന്നല്ല. ഇതായിരുന്നു കല്പന എങ്കിൽ, ഏതു കാരണത്താലും അനുസരിക്കുവാൻ സ്നാനപ്പെട്ടാൽ മതിയായിരുന്നു, അപ്പോൾ അതു പൂർണ്ണമായ അനുസരണമായും തീർന്നേനെ. പക്ഷേ, കല്പന വെറുതെ "സ്നാനപ്പെടുവിൻ" എന്നല്ല. ഒരു പാപി സ്നാനപ്പെടുന്ന ഉദ്ദേശം "പാപമോചനമാണ്." അയാൾ തന്റെ പാപാവസ്ഥയെ തിരിച്ചറിയണം, യേശുവിനെ മശിഹയായി സ്വീകരിക്കണം, അവന്റെ രക്തത്താലുള്ള ശുദ്ധീകരണത്തിൽ വിശ്വസിക്കണം, ദൈവേഷ്ടത്തെ അനുസരിക്കുന്ന വിധത്തിൽ ജീവിതത്തെ മാറ്റുകയും വേണം.

യോഹന്നാന്റെയും യേശുവിന്റെയും സന്ദേശം വ്യവസ്ഥകൾ പത്രോസ് നിരത്തുകയുണ്ടായി (മത്തായി 3:2; മത്തായി 4:17), ദൈവരാജ്യം സമീപിച്ചിരിക്കകൊണ്ടു പാപസംബന്ധമായ ജീവിതം മാറ്റുവാൻ അപ്പൊസ്തലന്മാരും പ്രസംഗിച്ചിരുന്നു (മത്തായി 10:2, 7). യേശുവിന്റെ കല്പനയായ സുവിശേഷം പ്രസംഗിക്കയും വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുകയും ചെയ്ക എന്നതു അവൻ അനുസരിക്കുകയായിരുന്നു (മത്തായി 28:19; മർക്കൊസ് 16:15, 16).

### 1 പത്രൊസ് 3:21

പെന്തെക്കൊസ്തു നാളിൽ നടത്തിയ പ്രസ്താവന പിന്നീട്, ഒരു ലേഖനത്തിൽ പത്രൊസ് എഴുതി, "സ്നാനമോ, ഇപ്പോൾ – ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടുള്ള നല്ല മനസാക്ഷിക്കാ

യുള്ള അപേക്ഷയായിട്ടത്രേ – യേശുക്രിസ്തുവിന്റെ പുനരുത്ഥാന ത്താൽ നമ്മെയും രക്ഷിക്കുന്നു" (1 പത്രൊസ് 3:21).

ഈ വാക്യത്തെക്കുറിച്ചു റോബർട്ട് ജി.ബ്രാച്ചർ എഴുതി,

> ... ഇതു തർജ്ജിമ ചെയ്തിരിക്കുന്നതു അക്ഷരികമായി "സ്നാനമെന്നതു ഒരു കുറിയായിട്ടാണ്." ഇത് മുൻപു സംഭവിച്ച ഒരു "മുൻകുറിയുടെ" "കുറിയായി" വരുന്നു, ജലപ്രളയത്തിലെ ജലം ഒരു "മുൻകുറിയായിട്ടാണ്" വരുന്നത്.
>
> ... ഇപ്പോൾ 20–ാം വാക്യത്തിലെ ഉത്തരമായി നല്കുന്നതാണ് *മുമ്പുപറഞ്ഞ നമ്മെ രക്ഷിക്കുന്നു എന്നതു*: ഒരു തർജ്ജിമ അർത്ഥം വിശ്വസ്തമായി പ്രതിപാദിക്കണം. "സ്നാനം ഇപ്പോൾ രക്ഷിക്കുന്നു." രക്ഷ തീർച്ചയായും ദൈവത്തിന്റെ പ്രവൃത്തിയാണ്, ഇവിടെ താഴെ പറയുന്ന രീതിയിലാണ് *സ്നാനം,* നമ്മെ രക്ഷിക്കുന്നുത്.
>
> സ്നാനം എങ്ങനെ ഒരാളെ രക്ഷിക്കുന്നു എന്നു അവൻ ഉടനെ വിശദീകരിച്ചു: അർത്ഥം നിർവ്വചിക്കുന്നുണ്ട്. അതു ഭൗതികമായ ശരീരത്തിലെ അഴുക്കു കളയുന്നതല്ല, പക്ഷേആന്തരികമായ ആത്മീയ മനുഷ്യന്റെ അനുഭവമാണ്.[11]

1 പത്രോസ് 3:20, 21 വാക്യങ്ങളെ കുറിച്ചു അരിക്കിയയും നിഡയും പറഞ്ഞു,

> "കുറിക്കു" മുൻപാണ് "മുൻകുറി" വരേണ്ടത്, അതായതു വാസ്തവമായതിന്റെ അപൂർണ്ണ അടയാളം ഇപ്പോൾ ക്രിസ്തീയ വിശ്വാസത്തിൽ പൂർണ്ണമായി വെളിപ്പെടുത്തി.
>
> അതെന്തായാലും, മുൻപു "മുൻകുറി" ആയിരുന്നതിന്റെ വാസ്തവമാണ് നമ്മെ രക്ഷിക്കുന്നത്.
>
> സന്ദർഭത്തിൽ *സ്നാനം* (സ്നാനജലം) ഒരു ഹേതുവാണ് നമ്മെ രക്ഷിക്കുമാറാക്കിയത്. ആ വാക്യം, ശ്രദ്ധിച്ചു വായിച്ചാൽ, അതിന്റെ അവസാനം *യേശുക്രിസ്തുവിന്റെ പുന: രുത്ഥാനത്തിൽ നമ്മെയും രക്ഷിക്കുന്നു* എന്നു പറഞ്ഞിരിക്കുന്നതു കാണാം (1:3 മായി താരതമ്യം ചെയ്യുക).[12]

മറ്റു പരിഗണനകൾക്കുശേഷം, ആ വാക്യം തർജ്ജിമ ചെയ്യുമ്പോൾ, "*ഇപ്പോൾ രക്ഷിക്കുന്നു,* എന്ന 21–ാം വാക്യവുമായി താരതമ്യം ചെയ്താൽ നന്നായിരുന്നു എന്നു പറയുകയുണ്ടായി. ഉദാഹരണമായി, സ്നാനമേറ്റപ്പോൾ, യേശുക്രിസ്തു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റതു മുഖാന്തരം ദൈവം നിങ്ങളെ രക്ഷിക്കുന്നു."[13]

പത്രോസിന്റെ ഈ പ്രസ്താവന പ്രവൃത്തി 2:38–ലും അടങ്ങിയിട്ടുണ്ട്. ദൈവത്തിലുള്ള വിശ്വാസമാണ് വരുവാനുള്ള നാശം ഒഴിവാക്കാൻ, നോഹയെ പെട്ടകം ഉണ്ടാക്കാൻ പ്രേരിപ്പിച്ചത് (എബ്രായർ 11:7) അതേ

വിശ്വാസമാണ് നഷ്ടപ്പെട്ട ഒരാൾ, തന്റെ മനസാക്ഷിയിൽ യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ട് രക്ഷ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നത്. യേശുവിന്റെ മരണവും അടക്കവും, ഉയിർപ്പും നല്കുന്ന രക്ഷക്കു സ്നാനം വേർപിരിക്കാനാകാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു.

1 പത്രോസ് 3:21ലെ പരിഗണിക്കേണ്ട മറ്റൊന്നു "നല്ല മനസാക്ഷിക്കായുള്ള അപേക്ഷ'' എന്നതാണ്. നല്ല തർജ്ജിമയുടെ, ''നല്ല മനസാക്ഷിക്കായി ദൈവോത്തോടുള്ള അപേക്ഷ."[14] ശരിയും തെറ്റും കണക്കാക്കാതെ ഇതിൽ മനസാക്ഷിയുടെ അപേക്ഷ അടങ്ങിയിരിക്കുന്നു എന്നതാണ് മുഖ്യം. അപേക്ഷിക്കേണ്ടതെന്തെന്നു ഒരാൾക്കു മനസിലാക്കാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെ അപേക്ഷിക്കാൻ കഴിയും? വിശ്വസിക്കത്തക്കതു, അപേക്ഷ ദൈവത്തോടാണ് കഴിക്കുന്നതു. നല്ല മനസാക്ഷിയോടെ പാപിരക്ഷക്കായി ശൗലിനെപോലെ അപേക്ഷിക്കയാണ് (1 തിമൊഥെയൊസ് 1:13), ക്രിസ്ത്യാനിയായി തീരുന്നതിനുമുൻപായിരുന്നു അത് (പ്രവൃത്തി 23:1) മലിനപ്പെട്ട മനസാക്ഷി ഉള്ള വ്യക്തി അത്തരം അപേക്ഷ കഴിക്കയില്ല.

പാപത്തിൽ നിന്നു രക്ഷിക്കുവാൻ അപേക്ഷിക്കുന്നതുകൊണ്ടു, കല്പന അനുസരിക്കുന്നതുകൊണ്ട് പാപമോചനം നേടുകയല്ല. പാപമോചനത്തിനുള്ള സ്നാനത്തിനു തന്റെ മനസാക്ഷി ചലിപ്പിക്കുകയാണ്. അതു രക്ഷക്കുള്ള അവന്റെ അപേക്ഷയാണ് സ്നാനവും പാപമോചനവും തമ്മിലുള്ള ബന്ധം ശരിയായി മനസിലാക്കിയവർക്കേ അത്തരം അപേക്ഷ കഴിക്കാനൊക്കൂ.

യേശുവിന്റെ വീണ്ടെടുപ്പിൽ പ്രവൃത്തിയുടെ ഗുണം ലഭിക്കുവാൻ വിശ്വാസത്തിന്റെ പ്രതികരണമായിട്ടാണ് പത്രോസ് സ്നാനത്തെ പരിഗണിച്ചത്. അതുകൊണ്ട് പത്രോസ് തന്റെ കേൾവിക്കാരെ സ്നാനപ്പെടുത്തുവാൻ കല്പിച്ചതിൽ അതിശയിക്കാനില്ല (പ്രവൃത്തി 10:48; 2:38).

**ഉപസംഹാരം**

തന്റെ നാമത്തിൽ ആദ്യമായി സുവിശേഷം പ്രസംഗിക്കുവാൻ യേശു പത്രൊസിനെ തിരഞ്ഞെടുത്തു പരിശീലിപ്പിച്ചു. യെരുശലേമിലെ തന്റെ ആദ്യസദസ്യരെ അവരുടെ നഷ്ടം ബോധ്യപ്പെടുത്തി. അവർ വന്നു യേശുവിൽ വിശ്വസിച്ചുകൊണ്ടു എന്തു ചെയ്യേണം എന്നു ചോദിച്ചു അവരുടെ ജീവിതത്തിൽ ആവശ്യമായ മാറ്റം വരുത്തിയാൽ അവർക്കു യേശുവിനെ പിൻപറ്റാമെന്നു പത്രോസ് അവരോടു പറഞ്ഞു. അവന്റെ വാക്കുകളെ സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനമേറ്റു, അവർ മാനസാന്തരപ്പെട്ട് സ്നാനമേല്ക്കുമ്പോൾ തങ്ങ

ളുടെ പാപങ്ങൾ മോചിക്കപ്പെടും എന്നു മനസിലാക്കിയിട്ടാണ് അവർ സ്നാനമേറ്റത് (പ്രവൃത്തി 2:38–41). ആ പെന്തെകൊസ്തു നാളിൽ അവിടെ കൂടിയ യെഹൂദന്മാർക്കു മാത്രമായിരുന്നില്ല ആ സന്ദേശം മറിച്ചു ലോകത്തിലെ മറ്റുള്ളവർക്കും കൂടെ ആയിരുന്നു (ലൂക്കൊസ് 24:47).

---

കുറിപ്പുകൾ

[1]റൂബെൽ ഷെല്ലി, *ഐ ജസ്റ്റ് വാണ്ട് ടൂബി എ ക്രിസ്ത്യൻ* (നാഷ്വില്ലെ: 20th സെഞ്ചുറി ക്രിസ്ത്യൻ, 1986), 120–27; ജിമ്മി അലെൻ, *റീ ബാപ്റ്റിസം?* (മോൺറോ, ലേ.: ഹൗവാർഡ് പബ്ലിഷിങ്ങ് കമ്പനി, 1991), 41, 48, 155, 206, 210, 211. [2]2 ഉം 3 ഉം പാഠങ്ങളിൽ വിവരിച്ച ദൈവത്തോടു പ്രതികരിക്കുന്നതിൽ നമ്മെ ഭരിക്കുന്ന തത്വങ്ങളിൽ നാലാമത്തേതു അനുസരിച്ചാണിത്. [3]ബാർക്ക്ലെ എം.ന്യൂമാനും യൂജിൻ എ. നിഡയും, *എ ട്രാൻസിലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ ദി ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്* (ന്യൂയോർക്ക്: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1972), 60. [4]സി.എഫ്. ഡി. മൗൾ, *ആൻ ഇഡിയം – ബുക്ക് ഓഫ് ന്യൂടെസ്റ്റമെന്റ്*ഗ്രീക്ക്, 2d ed (കെയിംബ്രിഡ്ജ്: കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രെസ്, 1953), 70. [5]എ. ഒയേപ്കെ, "eis,"*ഇൻ തിയോളജിക്കൽ ഡിക്ഷണറി ഓഫ് ദി ന്യൂ ടെസ്റ്റ്മെന്റ്*, ed.ജെർഹാർട് കിറ്റെൽ, ട്രാൻസ്. ആന്റ് ലറ ജി.ഒ.ഫ്രെ ഡബ്ലിയു ബ്രോമിലെ (ഗ്രാന്റ് റാപിഡ്സ്, മൈക്ക്.: ഡെബ്ലിയൂ എം. ബി.എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1976), 2:429. [6]ജോസഫ് ഹെൻറി തേയർ, *എ ഗ്രീക്ക് – ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ്* (ന്യൂയോർക്ക്: അമേരിക്കൻ ബുക്ക് കമ്പനി, 1973), 185. [7]ഇബിഡ്., 94. [8]വാൾട്ടൺ ബൗവർ, *എ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദി ന്യൂസ്മെന്റ് ആന്റ് അദർ ഏർളി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 2d ed., rev. വില്ല്യം എഫ്.ആർന്റ്, എഫ്. വിൽബർ ജിൻഗ്രിച്ച," ആന്റ് ഫ്രെഡറിക് ഡബ്ലിയൂ. ഡാങ്കർ (ചിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രെസ്, 1979), 229. [9]കരോൾ ഡി.ഒസ്ബൺ, "ദി തേർഡ് പേഴ്സൺ ഇംപെരേറ്റീവ് ഇൻ ആക്റ്റ്സ് 2:38,"*റെസ്റ്റോറേഷൻ ക്വാർട്ടർളി* 26 (സെക്കന്റ് ക്വാർട്ടർ 1983): 81–84. [10]ഇബിഡ്., 83.

[11]റോബർട്ട് ജി.ബ്രാച്ചർ, *എ ട്രാൻസ്ലേഴ്സ് ഗൈഡ് ടു ദി ലെറ്റേഴ്സ് ഫ്രം ജെയിംസ്, പീറ്റർ, ആന്റ് ജൂഡ്* (ലണ്ടൻ: യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1984), 109. [12]ഡാനിയേൽ.സി. അരിക്കേ ആന്റ് യൂജിൻ എ.നിഡ, *എ ട്രാൻസിലേറ്റേഴ്സ് ഹാന്റ്ബുക്ക് ഓൺ ദി ഫസ്റ്റ് ലെറ്റർ ഫ്രം പീറ്റർ* (ന്യൂയോർക്ക്: യൂണൈറ്റഡ് ബൈബിൾ സൊസൈറ്റീസ്, 1980), 119–21. [13]ഇബിഡ്. [14]ഹ്യൂ ഗോ മെക് കോർഡ്, *ന്യൂ ടെസ്റ്റാമെന്റ്* (ഹെന്റേർ സൺ, റ്റെൻ.: ഫ്രീഡ് – ഹാർഡ്മാൻ കോളേജ്, 1988).